ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 14.11.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1) രാജ്യം ഉറ്റുനോക്കുന്ന ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ അല്പസമയത്തിനകം ആരംഭിക്കും; ആത്മവിശ്വാസത്തോടെ മുന്നണികൾ; ഫലം കൃത്യതയോടെ ജനങ്ങളിലെത്തിക്കാൻ പ്രത്യേക ബുള്ളറ്റിനുകളുമായി ആകാശവാണി വാർത്താ വിഭാഗം.

   **Counting of votes for the Bihar assembly elections will begin shortly; Fronts express confidence;**

   **Akashvani news division to telecast special election bulletins to bring the results to the people.**

2) വികസിത രാഷ്ട്രമായി മാറാനുള്ള പരിവർത്തന പാതയിലാണ് ഇന്ത്യയെന്ന് ബോട്സ്വാനയിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യവേ രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu, while addressing the Indian community in Botswana, said that India is on the path of transformation to become a developed nation.**

3) ഡൽഹി സ്ഫോടനവുമായി ബന്ധമുള്ളവർ ജോലി ചെയ്തിരുന്ന അൽ-ഫലാഹ് സർവകലാശാലയുടെ അംഗത്വം റദ്ദാക്കി ഇന്ത്യൻ യൂണിവേഴ്സിറ്റീസ് അസോസിയേഷൻ.

Association of Indian Universities suspends Al-Falah University membership citing lack of good standing.

4) കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൻറെ വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പുറപ്പെടുവിക്കും.

The State Election Commission will issue the notification for the elections to local bodies in Kerala today.

5) 44-ാമത് ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും; കേരള പവലിയൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

The 44th India International Trade Fair will begin today in New Delhi; Chief Minister Pinarayi Vijayan will inaugurate the Kerala pavilion.

6) ഇന്ത്യ-ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ

The first match of the India-South Africa Test cricket series to start today at the Eden Gardens in Kolkata.

❁❁❁❁❁❁❁❁❁❁❁❁❁

BIHAR COUNTING ( INTRO )

രാജ്യം ഉറ്റുനോക്കുന്ന ബിഹാർ നിയമസഭാതിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ അല്പസമയത്തിനകം ആരംഭിക്കും. 38 ജില്ലകളിലെ 46 കേന്ദ്രങ്ങളിലായാണ് 243 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള വോട്ടെണ്ണൽ നടക്കുക.രണ്ടായിരത്തി 616 സ്ഥാനാർത്ഥികളാണ് ജനവിധി തേടിയത്. തിരെഞ്ഞെടുപ്പ് ഫലം കൃത്യതയോടെ ജനങ്ങളിലെത്തിക്കാൻ ആകാശവാണി വാർത്താ വിഭാഗം പ്രത്യേക വാർത്ത ബുള്ളറ്റിനുകൾ പ്രക്ഷേപണം ചെയ്യും.
വിശദാംശങ്ങളിലേക്ക്.....

( വോയിസ്....)

വോട്ടെണ്ണൽ അല്പസമയത്തിനകം ആരംഭിക്കും. എല്ലാ വോട്ടെണ്ണൽ കേന്ദ്രങ്ങളിലും വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ബീഹാർ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വിനോദ് സിംഗ് ഗുഞ്ചിയാൽ ആകാശവാണി വാർത്തകളോട് പറഞ്ഞു. മിക്ക എക്സിറ്റ് പോൾ ഫലങ്ങളും എൻഡിഎക്ക് ഭരണത്തുടർച്ച പ്രവചിക്കുമ്പോൾ ചില സർവേകൾ കടുത്ത മത്സരം പ്രവചിക്കുന്നു. ഈ മാസം 6 നും 11 നും രണ്ട് ഘട്ടങ്ങളിലായാണ് 243 മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പ് നടന്നത്. 1951 ന് ശേഷമുള്ള ഏറ്റവും ഉയർന്ന പോളിംഗ് ശതമാനമായ 67.13 ആണ് ബിഹാറിൽ രേഖപ്പെടുത്തിയത്. നാലായിരത്തി മുന്നൂറിലധികം കൗണ്ടിംഗ് ടേബിളുകളും ഓരോ ടേബിളിലും ഒരു കൗണ്ടിംഗ് സൂപ്പർവൈസർ, കൗണ്ടിംഗ് അസിസ്റ്റന്റ്, മൈക്രോ ഒബ്സർവർ എന്നിങ്ങനെയുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. തപാൽ ബാലറ്റുകൾ എണ്ണിയതിനു ശേഷം ഇവിഎമ്മുകളിലെ വോട്ട് എണ്ണിത്തുടങ്ങും. ഓരോ മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുത്ത അഞ്ച് പോളിംഗ് സ്റ്റേഷനുകളിൽ വിവിപാറ്റ് പരിശോധന നടത്തി സ്ലിപ്പുകൾ ഇവിഎം ഫലങ്ങളുമായി ഒത്തു നോക്കും. പൊരുത്തക്കേടുകൾ ശ്രദ്ധയിൽപെട്ടാൽ വിവിപാറ്റ് സ്ലിപ്പുകൾ നിർബന്ധമായും എണ്ണും.

**ന്യൂസ്ഡെസ്ക് ആകാശവാണി....**

❁❁❁❁❁❁❁❁❁❁❁❁❁

**PRESIDENT ( INTRO)**

2047 ഓടെ വികസിത രാഷ്ട്രമായി മാറാനുള്ള പരിവർത്തന പാതയിലാണ് ഇന്ത്യയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ലോകമെമ്പാടുമുള്ള ഇന്ത്യൻ പ്രവാസികൾ ഈ വികസന യാത്രയുടെ അവിഭാജ്യ ഘടകമാണെന്നും രാഷ്ട്രപതി പറഞ്ഞു. വിദേശപര്യടനത്തിൻറെ ഭാഗമായി ബോട്സ്വാനയിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി മുർമു.

(വോയിസ്....)

ഡൽഹി ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ സ്മരണയ്ക്കായി സദസ് ഒരു മിനിറ്റ് മൗനമാചരിച്ചു. ദ്വിരാഷ്ട്ര സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി അല്പം മുമ്പ് മടങ്ങിയെത്തി.

## VP-ITS

ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ ഇന്ന് നടക്കുന്ന ഇന്ത്യൻ ടെലികമ്മ്യൂണിക്കേഷൻ സർവീസിന്റെ വജ്രജൂബിലി ആഘോഷത്തിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പങ്കെടുക്കും. 1965ൽ സ്ഥാപിതമായ ഇന്ത്യൻ ടെലികമ്മ്യൂണിക്കേഷൻ സർവീസ് ബന്ധപ്പെട്ട മേഖലകളിൽ സർക്കാരിന്റെ സാങ്കേതിക-മാനേജ്മെന്റ് ആവശ്യകതകൾ നിറവേറ്റുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു.

## Vice-President meeting

രാജ്യസഭാ അധ്യക്ഷനും ഉപരാഷ്ട്രപതിയുമായ സി പി രാധാകൃഷ്ണൻ രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശുമായി കൂടിക്കാഴ്ച നടത്തി. ശൈത്യകാല സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ ചർച്ച ചെയ്യുന്നതിനാണ് യോഗം ചേർന്നതെന്ന് ശ്രീ രാധാകൃഷ്ണൻ സാമൂഹിക മാധ്യമത്തിലൂടെ അറിയിച്ചു.

## INVAR T20

ടാങ്ക് വേധ മിസൈലുകൾ വാങ്ങുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഭാരത് ഡൈനാമിക്സ് ലിമിറ്റഡുമായി പ്രതിരോധ മന്ത്രാലയം 2095 കോടി രൂപയുടെ കരാറിൽ ഒപ്പിട്ടു. 'ഇൻവാർ' ടാങ്ക് വേധ മിസൈലുകളാണ് വാങ്ങുക. ഇൻവാർ മിസൈലുകളുടെ സംഭരണം ടാങ്ക് ടി-90 ന്റെ ആക്രമണശക്തിയും പ്രഹരശേഷിയും വർധിപ്പിക്കുമെന്നും, ഇന്ത്യൻ സൈന്യത്തിലെ കവചിത റെജിമെന്റുകളുടെ പ്രധാന ആശ്രയമായി ഇത് മാറുമെന്നും പ്രതിരോധമന്ത്രാലയം വ്യക്തമാക്കി.

## GOYAL - NEPAL MEET

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ, നേപ്പാൾ പ്രധാനമന്ത്രി അനിൽ കുമാർ സിൻഹയുമായി ഉഭയകക്ഷി ചർച്ച നടത്തി.ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ, ഇന്ത്യയും നേപ്പാളും തമ്മിലുള്ള ഗതാഗത ഉടമ്പടിയിലെ പ്രോട്ടോക്കോൾ ഭേദഗതി ചെയ്യുന്ന ലെറ്റർ ഓഫ് എക്സ്ചേഞ്ച് കൈമാറി.

ഇതോടെ ജോഗ്ബാനി-ബിരാത്നഗർ റെയിൽ ലിങ്കിലൂടെ കണ്ടെയ്നർ, ബൾക്ക് കാർഗോ ഗതാഗതം യാഥാർത്ഥ്യമായി. കൊൽക്കത്ത, വിശാഖപട്ടണം തുറമുഖങ്ങളിൽ നിന്ന് നേപ്പാൾ കസ്റ്റംസ് യാർഡ് കാർഗോസ്റ്റേഷനിലേക്കുള്ള ഗതാഗതവും ഈ സംരംഭം സുഗമമാക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## Maldives –Jitendra Singh

മാലിദ്വീപുമായുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനും സഹകരണം തുടരുന്നതിനുമുള്ള ഇന്ത്യയുടെ പ്രതിബദ്ധത ആവർത്തിച്ച് വ്യക്തമാക്കി കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. മാലിദ്വീപ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നയരൂപീകരണം, ഭരണ നിർവ്വഹണം, സ്റ്റാർട്ടപ്പ്, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിലെ അറിവും വൈദഗ്ധ്യവും പങ്കിടാൻ ഇന്ത്യ സന്നദ്ധമാണെന്ന് മന്ത്രി പറഞ്ഞു. മാലിദ്വീപ് മന്ത്രി അഹമ്മദ് സലിമിന്റെ നേതൃത്വത്തിലുള്ള 30 അംഗ പ്രതിനിധി സംഘവുമായി ശ്രീ ജിതേന്ദ്ര സിംഗ് സംവദിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## DELHI BLAST – UNIVERSITY

ഡൽഹി ചുവപ്പുകോട്ടയിലെ സ്ഫോടനവുമായി ബന്ധമുള്ളവർ ജോലി ചെയ്തിരുന്ന ഫരീദാബാദിലെ അൽ-ഫലാഹ് സർവകലാശാലയുടെ അംഗത്വം ഇന്ത്യൻ യൂണിവേഴ്സിറ്റീസ് അസോസിയേഷൻ റദ്ദാക്കി. സ്ഫോടനവുമായി ബന്ധപ്പെട്ട് സർവകലാശാലയെ കുറിച്ച് വിശദമായ അന്വേഷണം നടക്കുകയാണ്. നേരത്തെ, അൽ-ഫലാഹ് സർവകലാശാലയുടെ വെബ്സൈറ്റിൽ തെറ്റായ അക്രഡിറ്റേഷൻ പ്രദർശിപ്പിച്ചതിന് നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## IITF

44-ാമത് ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ-IITF- ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കും. ഏക് ഭാരത് ശ്രേഷ്ഠ ഭാരത് എന്നതാണ് ഈ വർഷത്തെ മേളയുടെ പ്രമേയം. 14 ദിവസത്തെ ഈ അന്താരാഷ്ട്ര വ്യാപാരമേളയിൽ യുണൈറ്റഡ്

അറബ് എമിറേറ്റ്സ്, ചൈന, ഇറാൻ, ദക്ഷിണ കൊറിയ, ഈജിപ്ത് തുടങ്ങി പന്ത്രണ്ട് രാജ്യങ്ങൾ പങ്കെടുക്കുന്നു. 30 സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളും 60-ലധികം മന്ത്രാലയങ്ങളും മേളയിൽ പങ്കെടുക്കുന്നുണ്ടെന്ന് IITF എക്സിക്യൂട്ടീവ് ഡയറക്ടർ പ്രേംജിത് ലാൽ, ആകാശവാണി വാർത്തകളോട് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## TRADE FARE

ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ നടക്കുന്ന 44-ാമത് അന്താരാഷ്ട്ര വ്യാപാര മേളയിലെ കേരള പവലിയൻ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ഏക് ഭാരത് ശ്രേഷ്ഠ ഭാരത് എന്ന ആശയത്തെ അടിസ്ഥാന മാക്കിയുള്ളതാണ് ഈ മാസം 27 വരെ നടക്കുന്ന മേള . വിവിധ വകുപ്പുകളുടെ സ്റ്റാളുകൾക്ക് പുറമേ കേരളത്തിൻറെ രുചിവൈവിധ്യമൊരുക്കി കുടുംബശ്രീയും സാഫും ഭക്ഷണശാലകളും ഒരുക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## KERALA-ELECTION (INTRO)

കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൻറെ വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പുറപ്പെടുവിക്കും. അതത് വരണാധികാരികൾ തിരഞ്ഞെടുപ്പ് നോട്ടീസ് പരസ്യപ്പെടുത്തും. ഇന്ന് രാവിലെ 11 മുതൽ നാമനിർദേശ പത്രികകൾ സമർപ്പിക്കാം. വിശദാംശങ്ങളിലേക്ക്...

(വോയ്സ്)

തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നതോടെ കേരളത്തിൽ പ്രചാരണത്തിൻറെ ആവേശം അടുത്ത ഘട്ടത്തിലേക്കു കടക്കുകയാണ്. മുന്നണികൾ സ്ഥാനാർഥിനിർണയം ഏറെക്കുറെ പൂർത്തിയാക്കിക്കഴിഞ്ഞു. നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയം ഈമാസം 21ന് ഉച്ചകഴിഞ്ഞ് മൂന്ന് മണി വരെയാണ്. സ്ഥാനാർത്ഥിക്ക് നേരിട്ടോ നിർദ്ദേശകർ വഴിയോ പത്രിക സമർപ്പിക്കാം. സ്ഥാനാർത്ഥി ആ തദ്ദേശ സ്ഥാപനത്തിലെ ഏതെങ്കിലും വാർഡിലെ വോട്ടറായിരിക്കണം. 21 വയസ്സ്

പൂർത്തിയായിരിക്കുകയും വേണം. നാമനിർദ്ദേശം ചെയ്യുന്ന വ്യക്തി അതേ വാർഡിലെ വോട്ടറായിരിക്കണം. ഒരു സ്ഥാനാർത്ഥിക്ക് 3 സെറ്റ് പത്രിക സമർപ്പിക്കാം. പട്ടികജാതി, പട്ടികവർഗ്ഗ സംവരണവാർഡുകളിൽ മത്സരിക്കുന്നവർ ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കണം. ഗ്രാമപഞ്ചായത്തിലേയ്ക്ക് മത്സരിക്കുന്നവർ 2000 രൂപയും, ബ്ളോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി സ്ഥാനാർത്ഥികൾ 4000 രൂപയും, ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ 5000 രൂപയുമാണ് കെട്ടിവയ്ക്കേണ്ടത്. സ്ഥാനാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യത, ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽകേസുകൾ, സ്ഥാനാർത്ഥിയുടെയും കുടുംബാംഗങ്ങളുടെയും ആസ്തിയും ബാധ്യതയും തുടങ്ങിയ വിവരങ്ങൾ പത്രികയോടൊപ്പം സമർപ്പിക്കണം. ഒന്നിൽ കൂടുതൽ വാർഡുകളിൽ നാമനിർദ്ദേശപത്രിക നൽകിയാൽ എല്ലാം നിരസിക്കും. എന്നാൽ ത്രിതല പഞ്ചായത്തുകളിൽ വ്യത്യസ്ത തലങ്ങളിൽ മത്സരിക്കാം. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന വേളയിൽ വരണാധികാരിയുടെ ഓഫീസിനുള്ളിൽ സ്ഥാനാർത്ഥിയടക്കം 5 പേർ മാത്രമേ പ്രവേശിക്കാവൂ. ഓഫീസ് പരിസരത്ത് മൂന്ന് വാഹനം മാത്രമേ അനുവദിക്കൂ.

**ന്യൂസ് ഡെസ്ക് ആകാശവാണി.......**

☸☸☸☸☸☸☸☸☸☸☸☸☸

## SIR

തീവ്രവോട്ടർപട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി കേരളത്തിലിതുവരെ ഒരു കോടി 74 ലക്ഷം വോട്ടർമാർക്ക് എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തു. ഇതോടെ 62.5 ശതമാനം വോട്ടർമാരുടെ കൈകളിൽ ഫോമെത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ലക്ഷദ്വീപിൽ 100 ശതമാനം വോട്ടർമാർക്കും ഫോം കൈമാറി.

☸☸☸☸☸☸☸☸☸☸☸☸☸

## VETTUKADU

വെട്ടുകാട് മാദ്രെ ദേവൂസ് ദേവാലയത്തിലെ തിരുനാളിന് ഇന്ന് വൈകിട്ട് കൊടിയേറും. വെട്ടുകാട് തിരുനാൾ പ്രമാണിച്ച് തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് ഉച്ചയ്ക്ക്

ശേഷം പ്രാദേശിക അവധി പ്രഖ്യാപിച്ചു. തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഓഫിസുകൾക്കും ഉദ്യോഗസ്ഥർക്കും അവധി ബാധകമല്ല. പൊതുപരീക്ഷകൾക്കും മാറ്റമില്ല.

## SISHUDINAM

ഇന്ന് ശിശുദിനം. സർക്കാരും സംസ്ഥാന ശിശുക്ഷേമസമിതിയും ചേർന്ന് ഇന്ന് കാൽ ലക്ഷം കുട്ടികളെ പങ്കെടുപ്പിച്ച് ശിശുദിനറാലിയും പൊതുസമ്മേളനവും സംഘടിപ്പിക്കും. കുട്ടികളുടെ പ്രധാനമന്ത്രി തിരുവനന്തപുരം മണക്കാട് ടി.ടി.ഐയിലെ ദുർഗ്ഗാ ജിഷ്ണു സമ്മേളനം ഉദ്ഘാടനംചെയ്യും. മുഖ്യമന്ത്രി പിണറായി വിജയൻ ശിശുദിനസന്ദേശം നൽകും.

## IND VS SA

ഇന്ത്യ-ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ ഇന്ത്യൻ സമയം രാവിലെ 9.30 നാണ് മത്സരം. രണ്ടാമത്തെയും അവസാനത്തെയും മത്സരം നവംബർ 22 മുതൽ 26 വരെ ഗുവാഹത്തിയിൽ നടക്കും.